ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണ പദ്ധതി

124(138) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണ പദ്ധതികളുടെ ഭാഗമായി മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണ പദ്ധതികളുടെ ഭാഗമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള 3 പ്രോജക്ടുകളുടെ വിശദ പദ്ധതിരേഖ കമ്പനി സമർപ്പിച്ചിട്ടുണ്ട്. ടി പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മലിന വസ്തുക്കളിൽനിന്നും പ്ലാസ്റ്റർ ഓഫ് പാരീസും മലിന ജലത്തിൽ നിന്നും അയൺ ഓക്സൈഡും സോഡിയം സൾഫേറ്റും ഉത്പാദിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കമ്പനി ഉത്പാദിപ്പിക്കുന്ന വൈറ്റ് ജിപ്സത്തിൽനിന്നും കൂടുതൽ വിപണന സാദ്ധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നമായ പ്ലാസ്റ്റർ ഓഫ് പാരീസ് ഉത്പാദിപ്പിക്കാനാണ് ഒരു പദ്ധതി. മലിനജലത്തിൽനിന്നും സോഡിയം ഹൈഡ്രോക്സൈഡ് ഉപയോഗിച്ച് അയൺ ഓക്സൈഡ് ഉത്പാദിപ്പിക്കുന്ന പദ്ധതിയിൽ ഉപോത്പന്നമായി സോഡിയം സൾഫൈറ്റ് ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നതോടെ മലിനജലം പൂർണ്ണമായും പുനരുപയോഗിക്കാൻ കഴിയും. സോഡിയം സൾഫേറ്റും അയൺ ഓക്സൈയിഡും കൂടുതൽ വിപണന സാദ്ധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളാണ്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കമ്പനിയിലെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ ലാഭകരവും തൃപ്തികരവുമായി പൂർത്തിയാകുകയും ഉത്പാദനശേഷി വർദ്ധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടൈറ്റാനിയം ഡയോക്സൈഡിൽനിന്നും പേളസെന്റ് പിഗ്മെന്റും കാറ്റലിറ്റിക് പിഗ്മെന്റും നിർമ്മാണം ആരംഭിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടോ?

ഈ പദ്ധതിയുടെ വിശദ പദ്ധതിരേഖ (ഡി.പി.ആർ.) സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതോടൊപ്പം മറ്റെന്തെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളോടൊപ്പം ഇനോർഗാനിക് പിഗ്മെന്റ്സ്, ലിഥിയം ടൈറ്റാനേറ്റ് എന്നിവയും ഉത്പാദിപ്പാക്കാൻ പദ്ധതികളുണ്ട്. പ്രസ്തുത പദ്ധതികൾ മൂന്നുവർഷങ്ങൾ കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം

125(139) ശ്രീ. എച്ച്. സലാം:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലി സ്വഭാവത്തിൽ വ്യത്യാസമുള്ളതിനാൽ അവിടത്തെ ജീവനക്കാരെ നിയമിക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. നിയമനചട്ടം രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വർക്കർ, സൂപ്പർവൈസറി/മാനേജീരിയൽ തസ്തികകൾ ഒഴികെയുള്ള നിയമനങ്ങളെല്ലാം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. 28-2-1992-ലെ 14896/BPE2/91/Plg നമ്പർ സർക്കുലർ പ്രകാരം പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ എല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ഉദ്യോഗാർത്ഥി ലഭ്യമല്ല എന്ന സർട്ടിഫിക്കറ്റ് (Non-availability certificate) ലഭ്യമായാൽ മാത്രമാണ് പത്രമാധ്യമങ്ങളിൽ പരസ്യം നൽകി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനത്തിന്റെ ചുമതല അതാത് കമ്പനികളുടെ ഡയറക്ടർ ബോർഡിനാണ്. ഈ നിയമനങ്ങൾ സുതാര്യമായ രീതിയിൽ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട മാനദണ്ഡങ്ങളും 10-8-2012-ലെ സ.ഉ.(സാധാ) നമ്പർ 1228/2012/വ്യവ., 5-1-2013-ലെ സ.ഉ.(സാധാ) നമ്പർ 31/2013/വ്യവ., 17-6-2013-ലെ സ.ഉ.(സാധാ) നമ്പർ 773/2013/വ്യവ എന്നിവ പ്രകാരം നൽകിയിട്ടുണ്ട്. സീനിയർ സൂപ്പർവൈസറി പോസ്റ്റുകളിലെ നിയമനങ്ങളെ സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly